സിനിമയും ജീവിതവും

# മാളയിൽ നിന്ന് ഒരു പൊട്ടിച്ചിരി

## ഒരു പൊട്ടിച്ചിരിക്കപ്പുറം എന്തൊക്കെ! 33 വർഷത്തെ അഭിനയജീവിതത്തിൽ നടൻ മാള അരവിന്ദൻ അറിഞ്ഞ കയ്പും മധുരവും എത്ര

കണ്ടക്ടർ ബെല്ലടിച്ചു. ബസ്സ് നിന്നു. മാള സ്റ്റോപ്പ്. ബസ്സ് യാത്രക്കാർ കണ്ണുമിഴിച്ച് നോക്കുന്നത് അങ്ങാടിയിലെ ഫ്രൂട്ട് സ്റ്റാളിലേക്കാണ്; കൗതുകത്തോടെ. ചിരിച്ചുംകൈചൂണ്ടിയും യാത്രക്കാർ ലൈവായി. ഫ്രൂട്ട്സ്റ്റാളിലിരുന്ന് സൊള്ളുന്ന സുപരിചിതനായ ഒരാളാണ് ശ്രദ്ധാകേന്ദ്രം. അത് 'മാള'യാണ്; അങ്ങനെ നമ്മൾ വളരെ സ്വാതന്ത്ര്യത്തോടെ വിളിക്കാറുള്ള മാള അരവിന്ദൻ.

ടൗണിൽ നിന്നും ഒരു കിലോമീറ്റർ അകലെയാണ് വീട്. ആൾ സ്ഥലത്തെത്തിയതറിഞ്ഞ് ഒരു കൂട്ടുകാരൻ കുറച്ച് നേരമായി ഉമ്മറത്ത് കാത്തിരിപ്പുണ്ട്. "ഷൂട്ടിങ്ങില്ലാത്തപ്പോൾ നാട്ടിൽത്തന്നെയുണ്ടാവും. പക്ഷേ, വീട്ടിൽ കാണില്ല. കൂട്ടുകാരുമായി സർക്കീട്ടാ"–ഭാര്യ ഗീത സ്നേഹം ഒളിപ്പിച്ച് പരിഭവിച്ചു. പറഞ്ഞ് നാവെടുത്തില്ല; മുറ്റത്ത് നിർത്തിയിട്ട രണ്ട് ലാൻസർ കാറുകൾക്കിടയിലൂടെ കൈനറ്റിക് ഫ്ളൈറ്റിൽ ഇതാ വരുന്നു മാള.

ടൗണിൽ കൂട്ടുകാരുടെ രണ്ടു മൂന്ന് കടകളുണ്ട്. അവിടെ ഒന്ന് പോയി മിണ്ടിയില്ലെങ്കിൽ ഉറക്കം വരില്ലെന്നാണ് മാള പറയുക. നർമ്മം നിറഞ്ഞ ഗൗരവത്തോടെ കുശലം പറഞ്ഞും 'അസീസ് അത്യാവശ്യം പാടും കേട്ടോ', എന്ന് കൂട്ടുകാരനെ പരിചയപ്പെടുത്തിയും തുടങ്ങിയ സംസാരം ക്രമേണ കെട്ടഴിഞ്ഞു.

ജീവിതം തുടങ്ങിയത് തബലിസ്റ്റായിട്ട്. പിന്നീടാണ് നാടകനടനാവുന്നത്. പ്രശസ്തിയും സമൃദ്ധിയുമായി മാളയുടെ ജീവിതത്തിലേക്ക് സിനിമ എത്തുന്നത് ഏറ്റവുമൊടുവിലും. നാടകരംഗത്തെ ഓർമകൾ പങ്കുവെക്കവെ ഒരു പഴയ സിനിമാഗാനം മൂളുന്നു മാള. "കാടാറുമാസം... നാടാറുമാസം... കേട്ടിട്ടില്ലേ പാട്ട്? അതാണ് ഞാനടക്കമുള്ള അന്നത്തെ നാടകകലാകാരന്മാരുടെ അവസ്ഥ. ആറുമാസം നാടകം; പിന്നെ ആറുമാസം പട്ടിണി. ആ പാട്ടിന് ഇനിയുമുണ്ടൊരു വ



മാള അരവിന്ദനും ഭാര്യ ഗീതയും

ചിത്രങ്ങൾ: ഡിവിറ്റ് പോൾ



രി. ഒരു പക്ഷേ, എന്റെ അന്നത്തെ ജീവിതം കറക്ടായി പറഞ്ഞുതരാനാവുക ആ വരിക്ക് ആയിരിക്കും. 'കണ്ണീർക്കടൽക്കരെ താമസം...' എന്ന്'.

**ആളുകൾക്കിടയിൽ സ്നേഹം കുറഞ്ഞുപോയി. പണ്ട് സെറ്റിൽ പപ്പു-മാള-ജഗതി കൂട്ട് എന്ത് രസായിരുന്നു. അന്ന് കോമ്പിനേഷൻ; ഇന്ന് കോംപറ്റീഷൻ. അതാ വ്യത്യാസം**

## ചിരിക്ക് പിന്നിലെ നൊമ്പരങ്ങൾ

ആ കൊച്ചുപയ്യൻ, അരവിന്ദൻ, മാളയുടെ ഓർമ്മകളിലുണ്ട്. ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ അരവിന്ദന്റെ അച്ഛൻ മരിച്ചു. വീട്ടിൽ അവനൊപ്പം മൂന്ന് സഹോദരങ്ങളുണ്ട്. സംഗീതാധ്യാപികയായ അമ്മയുടെ തുച്ഛമായ ശമ്പളത്തിൽ അരിഷ്ടിച്ച് കഴിഞ്ഞ നാളുകൾ.

വീട്ടിൽ വെച്ചും അമ്മ കുട്ടികളെ സംഗീതം പഠിപ്പിക്കും. അമ്മ പാടുമ്പോൾ അരവിന്ദൻ ഒരു തകരപ്പാട്ടയിൽ താളമിടും. താളഭ്രമം കണ്ടറിഞ്ഞ അമ്മ പിന്നീടവനൊരു തബലതന്നെ വാങ്ങിക്കൊടുത്തു. കുറച്ചുകൂടി വലുതായപ്പോൾ കൊച്ചിൻ മുഹമ്മദ് ഉസ്താദിന്റെ പക്കൽ തബല പഠിക്കാനുമയച്ചു.

മാള സെന്റ് ആന്റണീസ് ഹൈസ്കൂളിൽ കലാപ്രതിഭയായിരുന്നു അരവിന്ദൻ. സ്കൂളിൽ പാട്ടിലും തബലയ്ക്കും നാടകത്തിനുമെല്ലാം 'പൊന്നമ്മടീച്ചറുടെ മകൻ' സമ്മാനങ്ങൾ വാരിക്കൂട്ടിക്കൊണ്ടിരുന്നു. വലുതായപ്പോൾ അരവിന്ദന് തബലയൊഴികെ മറ്റൊന്നിലും കമ്പമില്ല. പ്രീഡിഗ്രി പഠനം പാതിവഴിയ്ക്കിട്ട് കൂട്ടുകാരുമൊത്ത് ഒരു ട്രൂപ്പുണ്ടാക്കി പരിപാടികൾ നടത്തി. ഒപ്പം അമച്വർ നാടകങ്ങളുടെ പിന്നണിയിൽ തബലിസ്റ്റുമായി.

## ഒരു കൗമാരപ്രണയകഥ

കാര്യമായ വരുമാനമില്ല; വീട്ടിൽ അത്ര നല്ല ധനസ്ഥിതിയില്ല. ആ ഗതിയില്ലാക്കാലത്തും മനസ്സിൽ പ്രണയം മൊട്ടിട്ടു. ഓർക്കാനിമ്പമുള്ളതാണ് അതത്രയും മാളയ്ക്ക്. സ്വീകരണമുറിയിലെ ഷോകെയ്സിൽ ഭംഗിയായി ചില്ലിട്ടുവെച്ച നവദമ്പതികളുടെ പടം പോയി നോക്കാൻ നമ്മളെ ക്ഷണിക്കുന്നു. ഫ്രെയിമിനുള്ളിൽ മെലിഞ്ഞ് സുന്ദരിയായ പതിനെട്ടുകാരി അന്നക്കുട്ടിയും 25 കാരൻ സുന്ദരൻ മാളയും!

"എന്റെ സമപ്രായക്കാരൻ പരമൻ ഉറ്റ സുഹൃത്താണ്. പരമൻ ഹാർമോണിയം വായിക്കും. ഞാൻ തബലയും. ഒരിക്കൽ അന്നമനടയ്ക്കടുത്ത് പാലുശ്ശേരിയിൽ എസ്.എൻ.ഡി.പി. സ്കൂളിൽ ഓർക്കസ്ട്രയ്ക്ക് പോയപ്പോഴാണ് വിദ്യാർത്ഥിനിയായ അന്നക്കുട്ടിയെ കണ്ടതും പരിചയപ്പെട്ടതും ഇഷ്ടമായതും. നമ്മളന്ന് ഭയങ്കരന്മാരാണല്ലോ. പ്രേമലേഖനം ഞങ്ങൾക്കിടയിൽ പറന്നുകളിച്ചു, അഞ്ചുകൊല്ലം! അവള് ക്രിസ്ത്യാനിയും ഞാൻ ഹിന്ദുവും. രണ്ടു വീട്ടുകാരും സമ്മതിക്കില്ല വിവാഹത്തിന്. ഒടുവിൽ വിവാഹം രജിസ്റ്റർ ചെയ്തു." പിണക്കം മാറ്റി മാളയുടെ അമ്മ മരുമകളെ വീട്ടിലേക്ക് സ്വീകരിച്ചതാണ് പിന്നത്തെ കഥ.

"അന്നത് ഭയങ്കര പ്രശ്നമായിരുന്നു. ആൾക്കാരുടെ നിസ്സഹകരണവും ചോദ്യശരങ്ങളും ഒക്കെ ഉണ്ടായി. പ്രാരാബ്ധങ്ങൾക്കിടയിലായിരുന്നു ഞങ്ങൾ ദാമ്പത്യം തുടങ്ങിയത്. ഞാൻ അന്നക്കുട്ടിയെ മതം മാറ്റിയിട്ടില്ല. പക്ഷേ, എനിക്കിഷ്ടമുള്ള ഒരു പേര് വിളിച്ചു. ഗീത എന്ന്. ഏത് വിഷമത്തിലും അവളാണ് എനിക്ക് ധൈര്യമായത്, ഇന്നേവരെ. ഒരു പരാതിപോലും പറയാതെ."

വലിയൊരു വിവാഹ ആൽബവുമായി ഗീത വന്നു. മൂത്ത മകൾ കലയുടെ വിവാഹദിനത്തിലേതാണ്. പേജുകൾ മറിക്കവെ മാള ആവേശത്തിൽ ഓരോരുത്തരെയായി പരിചയപ്പെടുത്തി..."ഇതാ കുതിരവട്ടം പപ്പേട്ടനും ഭാര്യയും". വെള്ള മുണ്ടും ഷർട്ടുമണിഞ്ഞ് ചിരിച്ചുനിൽക്കുന്ന പപ്പു, മമ്മൂട്ടി, കൊച്ചിൻ ഹനീഫ, ഹരിഹരൻ... ഓർമ്മകളിൽ നീന്തിത്തുടിച്ചുകൊണ്ടിരുന്നു മാള.

## ബന്ധങ്ങളുടെ മാധുര്യം

വളർത്തുമകനെപ്പോലെ സ്നേഹിച്ച എസ്.പി. പിള്ള, സുഖദുഃഖങ്ങൾ പങ്കിട്ട അനുജൻ രാമനാഥൻ, സിനിമ തേടി മദ്രാസിൽ പോയി തിരിച്ചുവരാൻ കാശില്ലാതെ കുഴങ്ങിയപ്പോൾ 25 രൂപ അയച്ചുതന്ന ദാമോദരൻ മാഷ്, പ്രിയ സ്നേഹിതർ കൊടകര മാധവൻ, പ്രദീപ്... ഓർക്കാനേറെയുണ്ട് മാളയ്ക്ക്... "ഇപ്പോൾ ആളുകൾക്കിടയിൽ സ്നേഹം കുറഞ്ഞുപോയി. അത് കാലഘട്ടത്തിന്റെ വ്യത്യാസമാവാം. സെറ്റിൽ തന്നെ പണ്ടൊക്കെ പപ്പു-മാള-ജഗതി കൂട്ട് എന്ത് രസായിരുന്നു. അന്ന് കോമ്പിനേഷൻ; ഇന്ന് കോംപറ്റീഷൻ. അതാ വ്യത്യാസം."

## എല്ലാം സിനിമ തന്നത്

നാടകത്തിന്റെ അണിയറയിൽനിന്ന് നിനച്ചിരിക്കാതെ ഒരു ദിവസം അരങ്ങിലെത്തുകയായിരുന്നു. 'രസന' എന്ന നാടകത്തിലെ അഭിനയത്തിന് സംസ്ഥാനതലത്തിലുള്ള ആറ് അവാർഡുകളും 1978-ലെ സ്റ്റേറ്റ് അവാർഡും ലഭിച്ചു.

12 വർഷം നാടകത്തിൽ. 33 വർഷം സിനിമയിൽ. അറുന്നൂറ്റൻപതിലേറെ സിനിമകൾ. ജീവിതം കെട്ടിപ്പടുക്കാനുള്ള ആഗ്രഹത്തിൽ നിരന്തരമായി സിനിമ ചെയ്തിരുന്നു മാള... "സിനിമ കിട്ടിത്തുടങ്ങിയപ്പൊ കാശായി. പ്രശസ്തിക്കൊപ്പം പണം വന്നു. രണ്ടു മൂന്ന് സ്ഥലങ്ങൾ വാങ്ങിയിട്ടതങ്ങനെയാണ്. ഇന്ന് കോടികൾ വിലമതിക്കുന്നവയാണ്. കുന്നംകുളത്ത് ഒരു പെട്രോൾ പമ്പുണ്ട്. മകൻ കിഷോറാണത് നോക്കി നടത്തുന്നത്." മകൾ കലയും ഭർത്താവ് സുരേന്ദ്രനും ഗുരുവായൂരിലാണ് താമസം. അവർക്ക് രണ്ട് മക്കൾ. ദേവിയും വിഷ്ണുവും. "ദേവി നൃത്തം പഠിക്കുന്നുണ്ട്. കഴിഞ്ഞയാഴ്ച ഗുരുവായൂരിൽ അരങ്ങേറ്റമായിരുന്നു." മൊബൈലിൽ പേരക്കുട്ടിയുടെ അരങ്ങേറ്റത്തിന്റെ ഫോട്ടോ മാള കാണിച്ചുതന്നു.

## ലോഹി: ഒരു ഓർമ

ഞാൻ ലോഹിതദാസുമായി നല്ല അടുപ്പമാവുന്നത് സുന്ദർദാസ് 'സല്ലാപം' ചെയ്യുന്നതോടെയാണ്. സിനിമയുടെ ചിത്രീകരണ സമയത്ത് ലോഹി അവിടെയുണ്ട്. അമിതമായി കോമഡിയാക്കരുത്, അൽപം നിയന്ത്രണത്തോടെ അഭിനയിക്കാൻ ലോഹി പറഞ്ഞിരുന്നു. കുറേ ദു:ഖങ്ങൾ ഉള്ളിലൊതുക്കി, അൽപം തമാശ പറയുന്ന, എന്നാൽ വലിയ അർത്ഥങ്ങളുള്ള സംസാരമാണ് മൂത്താശാരിയുടേത്. എന്റെ അഭിനയത്തിൽ ഒരു ബ്രേക്ക് ആയിരുന്നു അത്. 'വെങ്കല'ത്തിലെ വേഷം ചെയ്യുമ്പോഴുമൊക്കെ ലോഹി ചില നിർദേശം നൽകിയിരുന്നു.

'സല്ലാപ'ത്തിന്റെ ഷൂട്ടിംഗ് നടക്കുമ്പോൾ അന്ധനായ ഒരാളെ ഞാൻ വെറുതെ ഒരു രസത്തിന് ലോഹിയെ അഭിനയിച്ചുകാണിച്ചിരുന്നു. എന്റെ വീടിന്റെ അടുത്തുള്ള ഒരു അന്ധനെയാണ് ഞാൻ അനുകരിച്ചത്. ആ അന്ധനും ഞാനുമായി വളരെ അടുപ്പത്തിലാണ്. വീട്ടിലൊക്കെ വരും. ശബ്ദം കേട്ട് എല്ലാം തിരിച്ചറിയും. ലോഹി പറഞ്ഞു 'ചേട്ടാ ഇത് നന്നായിട്ടുണ്ട്. നമുക്കി

# സിനിമയും ജീവിതവും

ത് അടുത്ത സിനിമയിൽ ഉപയോഗിക്കണം. പിന്നെ അദ്ദേഹം 'ഭൂതക്കണ്ണാടി'യുടെ സംവിധായകനായപ്പോൾ എനിക്കാഭാഗ്യം കിട്ടി. നാടോടി വേഷം. അഭിനയ സാധ്യതയുള്ള വേഷമായിരുന്നു അത്. ഞാനൽപം സംഗീതമാസ്വദിക്കും. പാടും. ആ സിനിമയുടെ സമയത്ത് അതിൽ ഉപയോഗിക്കാൻ 'അമീർ കല്യാണി', 'കേദാർ' രാഗങ്ങളിൽ എന്നോട് പാടാൻ പറഞ്ഞു.

നേരിട്ടുള്ളതിനേക്കാൾ ഫോണിലൂടെയായിരുന്നു ഞങ്ങളുടെ സൗഹൃദം. 'ചെമ്പട്ട്' എന്ന സിനിമ ഉപേക്ഷിച്ച സമയത്താണ്. എന്നോട് പുതിയ സിനിമയിലെ വേഷത്തെപ്പറ്റി പറയാൻ വിളിച്ചു. ഫോണിൽ സംസാരം തുടങ്ങി കുറച്ചു കഴിഞ്ഞിട്ടും എനിക്ക് ആളെ മനസ്സിലായില്ല. അപ്പോൾ ഞാൻ 'ഇതാരാണാവോ' എന്നു ചോദിച്ചു. ലോഹി സംസാരം നിർത്തി. എന്നിട്ട് ചോദിച്ചു 'ചേട്ടനാണാവോ'. ഞാൻ തിരിച്ച് ഇത് 'ലോഹിയാണാവോ'?ഇത് 'ഞാനാണാവോ' എന്നൊക്കെ ആ സംസാരം നീണ്ടു. ഞങ്ങൾ കുറേ ചിരിച്ചു. ചേട്ടാ നമുക്കിത് എപ്പോഴെങ്കിലും സിനിമയിൽ ഉപയോഗിക്കണം എന്നു ലോഹി പറഞ്ഞു. ഒരു പക്ഷേ, ലോഹിജീവിച്ചിരുന്നെങ്കിൽ എനിക്കുവേണ്ടി ആ ഒരു കഥാപാത്രത്തെ എന്നെങ്കിലും സൃഷ്ടിച്ചേനെ. അവസാനം നേരിൽ കാണുന്നത് ചാലക്കുടിയിൽ വച്ചാണ്. സുന്ദർദാസിന്റെ അച്ഛൻ മരിച്ച സമയത്ത്. കുറേ നേരം ആൾക്കൂട്ടത്തിൽനിന്ന് മാറിനിന്ന് ഞങ്ങൾ സംസാരിച്ചു. ചെയ്യാൻ പോകുന്ന സിനിമകളെപ്പറ്റി പറഞ്ഞു.

## ഭൂമി കറങ്ങുന്നുണ്ടോടാ...

മാളയ്ക്ക് ഓർക്കാനിഷ്ടമുള്ള ഒരു ഗാനചിത്രീകരണമാണത്. 'ഒപ്പം ഒപ്പത്തിനൊപ്പം' സിനിമയുടെ ലൊക്കേഷനിൽ മോഹൻലാലിന്റെ കൂടെ ചെയ്ത സീൻ... "എനിക്കാ പാട്ട് പാടാനാണ് വലിയ ഇഷ്ടം. ലാലും ഞാനും താന്തോന്നികളായി കള്ളും കുടിച്ച് പാട്ടു പാടിയുള്ള അഭിനയമാണ്. 'ഭൂമി കറങ്ങുന്നുണ്ടോടാ... ഉണ്ടേ അപ്പം സാറ് പറഞ്ഞത് നേരോടാ...', ചിരിച്ച് ചിരിച്ച് കുഴഞ്ഞുപോയി അന്ന്. അതുപോലെ 'കണ്ടുകണ്ടറിഞ്ഞു' സിനിമയിൽ "നീയറിഞ്ഞോ മേലേമാനത്ത്, ആയിരം ഷാപ്പുകൾ തുറന്നു..." എന്റെയും ലാലിന്റെയും വോയിസ് തന്നെയാ ആ പാട്ടിൽ..."

വർഷങ്ങൾ നീണ്ട സിനിമാജീവിതം ഒട്ടേറെ ഗാഢസൗഹൃദങ്ങൾ നൽകിയിട്ടുണ്ട്. മമ്മൂട്ടി അതിലൊരാൾ. സ്വന്തം ശൈലിയിൽ മാള ആ ബന്ധത്തെക്കുറിച്ച് പറഞ്ഞു.

"ഇന്നാള് 'രഹസ്യപ്പോലീസി'ന്റെ ഡബ്ബിങ്ങിന് പോയി. നമ്മുടെ താടിലാലിന്റെ സ്റ്റുഡിയോവിലായിരുന്നു ഡബ്ബിങ്. മുകളിലത്തെ നിലയിലാണ് ഞാൻ. താഴെ മമ്മൂട്ടി ഉണ്ടെന്ന് കേട്ടു. പക്ഷേ, കണ്ടില്ല. ഡബ്ബിങ്ങ് തുടങ്ങി. പെട്ടെന്ന് കൺസോളിൽ നിന്നൊരു ശബ്ദം, "ആരാ അത്! മര്യാദക്ക് ഡബ്ബ് ചെയ്യെടാ", "ഇതാരപ്പാ' എന്നായി ഞാൻ. വീണ്ടും, "നെന്നോടാ പറഞ്ഞേ, മര്യാദക്ക് ഡബ്ബ് ചെയ്യാൻ." ഞാൻ മുകളിലുണ്ടെന്നറിഞ്ഞ് കാണാനെത്തിയ മമ്മൂട്ടിയുടെ ഒരു നമ്പറായിരുന്നു അത്. അവനാളൊരു തണ്ടനാണ്. പക്ഷേ, വലിയ സെന്റിമെൻസാ മനസ്സിൽ. കണ്ടാൽ 'എന്തൊക്കെയുണ്ട് മാളെ?' എന്നും ചോദിച്ച് കുറേ തെറി പറയും... എടാ പോടാ ഫ്രണ്ട്സാ...

> ഞാൻ ജീവിതത്തിൽ സിനിമാറ്റിക്കല്ല. ഭാര്യ, മക്കൾ, കുടുംബം
> അത് വിട്ടുള്ള കളിയില്ല



## ഇപ്പൊ ഞാൻ സീരിയസ്സാ

ഉണ്ടക്കണ്ണ്, മുള്ളൻ മുടി, മെലിഞ്ഞ ദേഹം, ഉന്തിയ വയർ, കഴുത്തിലൊരു ചരടും... മാളയുടെ രൂപംതന്നെ ചിരിക്ക് വകയായിരുന്ന കാലം പോയി. ഇപ്പോൾ ദേഹം തടിച്ചു. ഹാസ്യവേഷത്തോട് താത്പര്യവുമില്ല.

"നമ്മൾ എന്തു ചെയ്താലും കുറേക്കഴിഞ്ഞാൽ വിരസത വരും. നടനും പ്രേക്ഷകനും അത് ബാധിക്കും. ജഗതി കണ്ടില്ലേ ഒരേ തരം റോൾ ചെയ്യുന്നതുകൊണ്ടാ ഇപ്പൊ ചീറ്റിപ്പോവുന്നത്. എനിക്ക് ഗൗരവസ്വഭാവമുള്ള വേഷങ്ങൾ ചെയ്യാനാണ് ഇപ്പോഴിഷ്ടം".

'ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ' സിനിമയിൽ ചെയ്ത നാടോടിയുടെ വേഷം, 'പെരുമഴക്കാല'ത്തിലെ കുഞ്ഞിക്കണ്ണൻ, 'ചാന്തുപൊട്ടിലെ' കണാരൻ, 'കബനി'യിലെ മേഘനാദൻ തുടങ്ങിയവ വ്യത്യസ്തമായ ക്യാരക്ടർ വേഷങ്ങളായിരുന്നു. ഇന്ന് സിനിമയിലും സമൂഹത്തിലും, ഹാസ്യം നടിക്കാനെത്തുന്ന പുതുക്കക്കാർ എളുപ്പം സ്വീകാര്യരാവുന്നു. പഴയകാലത്ത് പരുക്കൻ അനുഭവങ്ങളാണ് ഹാസ്യനടന് നേരിടേണ്ടിവന്നിരുന്നത്. പലരും സെക്സ് സീനുകളിൽ അഭിനയിക്കാൻ നിർബ്ബന്ധിക്കപ്പെട്ടിരുന്നു.

"ഞാനതൊക്കെ തരണം ചെയ്തിട്ടുണ്ട്. എന്നെക്കൊണ്ട് ചെയ്യാൻ പറ്റാത്ത സീൻ പറ്റില്ലെന്ന് പറയും ഞാൻ. ഒരിക്കൽ, എന്നിട്ടും എനിക്ക് പിഴവ് പറ്റിയിട്ടുണ്ട്. കിടപ്പറയിൽ ഞാൻ ഒരു പെണ്ണുമൊത്ത് കിടക്കുന്നത് മാത്രമാണെടുത്തത്. പക്ഷേ, കട്ട്ഷോട്ട് എടുത്ത് സംവിധായകൻ സെക്സ് തിരുകിക്കയറ്റി എന്നെ പറ്റിക്കയായിരുന്നു. ബാക്കിരംഗം ഒരു തമിഴനെ വെച്ച് എടുത്തു. പിന്നീട് സംവിധായകൻ മാപ്പുമായി വന്നു. ഞാൻ വഴക്കിട്ട് ഓടിച്ച് വിട്ടു." ഇപ്പോഴും ആ ചതിയോർക്കുമ്പോൾ രോഷം അടക്കാനാവുന്നില്ല മാളയ്ക്ക്; "ഞാൻ ജീവിതത്തിൽ സിനിമാറ്റിക്കല്ല. ഭാര്യ, മക്കൾ, കുടുംബം...അത് വിട്ടിട്ടുള്ള കളിയില്ലെനിക്ക് എവിടേയും..."

## എൻെറ പാട്ടുകാരൻ

വീട്ടിൽ തബലകളുടെ നല്ലൊരു ശേഖരം തന്നെയുണ്ട് മാളയ്ക്ക്. സംഗീതത്തോടുള്ള ആരാധനയിലൂടെ നേടിയ സൗഹൃദമാണ് ഗായകൻ ജയചന്ദ്രനുമായുള്ളത്... "ഞങ്ങൾ രണ്ടു പേരും ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ പഠിച്ചവരാ. പക്ഷേ, ഞാനധികം കോളേജിൽ പോയിരുന്നില്ലല്ലോ. ഹ...ഹ... കോളേജിൽ നിന്നിറങ്ങിയശേഷമാ സത്യത്തിൽ ഞങ്ങളടുത്തത്. ഇവിടെ വീട്ടിലിടയ്ക്ക് വരും. തമാശ പറഞ്ഞ് കുറച്ച് നേരമിരിക്കും, പാടും. എന്റെ ബെസ്റ്റ് ഫ്രണ്ടാ. അവനെപ്പോലൊരു പാട്ടുകാരനില്ല തന്നെ. 'ആയേ ബഹാര്...' പാടുമ്പോൾ ഞാൻ പറയാറുണ്ട്: "ഞാൻ ഈ പാട്ട് കേട്ടുകൊണ്ട് മരിക്കുമെടാ' എന്ന്. ചെറിയൊരു ദുഃഖഛായയുള്ള തേൻപോലുള്ള ശബ്ദമാണ്. പാട്ടുപോലെത്തന്നെ ശാന്തമാണ് ജയന്റെ സ്വഭാവവും."

പാട്ടും സൗഹൃദങ്ങളും ഇല്ലാത്തൊരു ലോകം മാളയ്ക്ക് സങ്കൽപ്പിക്കാൻ പ്രയാസം... "ആരും അടുത്ത് വന്നില്ലെങ്കിൽപോലും അവരെക്കുറിച്ചോർക്കാത്ത സമയമില്ലെനിക്ക്. അതാണെന്റെ പ്രിയലോകം."

കാലിൽ കുറച്ച് നീരുണ്ട്. ചികിത്സിക്കുന്നു. കുറച്ച് ദിവസം വീട്ടിലിരിക്കാൻ ഭാര്യയും മക്കളും പറയുന്നു. പക്ഷേ, അത് മാത്രം മാളയ്ക്ക് വയ്യ. സുവീരൻ സംവിധാനം ചെയ്യുന്ന 'ബ്യാരി' എന്ന പടത്തിൽ നല്ലൊരു വേഷം ചെയ്യുന്നതിന്റെ ത്രില്ലിലാണിപ്പോൾ.

● ശർമിള